തെന്ന സംസ്ഥാനഗവണ്മെൻറിന നിർദ്ദേശങ്ങളും ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പദ്ധതികളും എന്തെല്ലാം;

(ബി) സംസ്ഥാനഗവണ്മെൻറ എന്നത്തേയ്ക്കു ഈ പദ്ധതികളും നടപ്പിൽ വരുത്തണമെന്നു ഉദ്ദേശിക്കുന്നു ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) സഹകരണപ്രസ്ഥാനം വിപുലീകരിക്കുന്നതിനു റിസർവ്വ് ബാങ്കിൻെറ റൂറൽ ക്രെഡിറ്റ സർവ്വെ റിപ്പോർട്ടിലുള്ള നിർദ്ദേശങ്ങളും അനുപദമാക്കി പദ്ധതികളും ആവിഷ്കരിച്ചു് നടപ്പിലാക്കുന്നതിനു കേന്ദ്രഗവണ്മെൻറിൽനിന്നും നിർദ്ദേശങ്ങളും ലഭിച്ചിട്ടുണ്ടു്. അതനുസരിച്ചു് താഴെ പറയുന്ന പദ്ധതികളും രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഗവണ്മെൻറ് അംഗീകരിച്ചിട്ടുണ്ടു്.

1.	നാണയസംഘങ്ങളും പുനസംഘടിപ്പിക്കുക	15·8	ലക്ഷം രൂപ
2.	സഹകരണവിപണനം	33·3	,,
3.	പണ്ടകശാല നിർമ്മാണം		
4.	സഹകരണ പരിശീലനം വിദ്യാഭ്യാസം	3	,,
5.	സഹകരണ കൃഷി സംഘങ്ങളും	3·5	,,
6.	സഹകരണ ക്ഷീരവ്യവസായം	6·75	,,
7.	ഡിപ്പാർട്ടുമെൻറ പുനസ്സംഘടന	5	,,
8.	സ്റ്റേറ്റ വെയർഹൗസിംഗ് കമ്പനി	20	,,
9.	സഹകരണ ഡവലപ്പുമെൻറ് ഫണ്ടു്	5	,,
10.	റിലീഫ് ഫണ്ടു് ഗാരൻറി ഫണ്ടു്	5	,,
11.	തുണ്ടുകളായികൃഷിചെയ്യുന്ന ഭൂമികളും ഏകീകരിക്കുന്നതിനു്	5	,,

മേൽ പറഞ്ഞ പദ്ധതികളും നടപ്പിലാക്കുന്നതിനുവേണ്ട പരിശീലനം ലഭിക്കുന്നതിനായി പൈലറ്റ് പ്രോജക്റ്റുകളും നടപ്പിലാക്കുന്നതിനും ഗവണ്മെൻറ ഉദ്ദേശിക്കുന്നുണ്ടു്.

(ബി) പൈലറ്റ് പ്രോജക്റ്റുകളും തന്നാണ്ടിലും ഇതരപദ്ധതികളും 1956-57 മുതലും നടപ്പിൽ വരുത്തുന്നതാണു്.

സ്റ്റേറ്റ സഹകരണ ബാങ്കു്

* 1009. [39] ശ്രീ. പ്രാക്കുളം ഭാസി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് സ്റ്റേറ്റ് സഹകരണ ബാങ്കു് പ്രവർത്തനം നടത്തുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്നുമുതൽ;

(ബി) സ്റ്റേറ്റ് സഹകരണബാങ്കു് കൂടാതെ ഡിസ്ട്രിക്റ്റ് ബാങ്കുകളും രൂപീകരിച്ചിട്ടുണ്ടോ ;

(സി) രൂപീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണു് ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് സ്റ്റേറ്റ് സഹകരണബാങ്കു് 1954 ജനുവരി 28-ാംനു- മുതൽ പ്രവർത്തനം നടത്തുന്നുണ്ടു്.

(ബി) സ്റ്റേറ്റ് സഹകരണബാങ്കു് കൂടാതെ ഡിസ്ട്രിക്റ്റ് ബാങ്കുകളും രൂപീകരിച്ചിട്ടില്ല.

(സി) ഇക്കാര്യം റിസർവ്വ് ബാങ്കുമായി ആലോചിച്ചതിൽ പുതിയ ഡിസ്ട്രിക്റ്റ് ബാങ്കുകൾ ഇപ്പോൾ രൂപീകരിക്കാൻ റിസർവ്വ് ബാങ്കു് അനുകൂലമല്ല. തൽക്കാലം ബാങ്കിന്റെ ശാഖകൾ തുടങ്ങിയാൽ മതിയെന്നാണു് അവരുടെ അഭിപ്രായം.

അടിസ്ഥാന നികുതിപുനരവലോകനം

* 1010. [40] ശ്രീ. ബി. ബി. പണ്ടാരത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന നികുതി ഏർപ്പെടുത്തിയതിനു ശേഷം ഇതുവരെയും ഈ സംസ്ഥാനത്തെ ഏതെങ്കിലും പ്രദേശത്തു നികുതി പുനരവലോകനം ചെയ്തിരുന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയാണു്;

(സി) പുനരവലോകനം ചെയ്തിരുന്നതിനുള്ള കാരണമെന്താണു്?

ആഭ്യന്തരകാര്യ മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) അടിസ്ഥാനനികുതി ചുമത്തപ്പെട്ട യാതൊരു പ്രദേശത്തു നിന്നും നികുതി പുനരവലോകനം ചെയ്തിരുന്നിട്ടില്ല. അടിസ്ഥാന നികുതിയിൽ നിന്നും ഒഴിവാക്കുവാൻ അവകാശമുണ്ടെന്നു അപേക്ഷിച്ചിട്ടുള്ള ചില കേസുകളിൽ ഗവണ്മെന്റിന്റെ തീരുമാനംവരെ നടപടികൾ നിറുത്തിവച്ചിട്ടുണ്ടു്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

മത്സ്യബന്ധനക്കാർക്കുള്ള സൗജന്യങ്ങൾ

* 1011. [41] ശ്രീ. കെ. സി. എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനക്കാർക്കു് വിദ്യാഭ്യാസസൗജന്യങ്ങൾ ഒഴിച്ചുള്ള മറ്റു സൗജന്യങ്ങൾക്കായി 1952-53, 1953-54, 1954-55 എന്നീ കൊല്ലങ്ങളിൽ എത്ര സംഖ്യ ചെലവു ചെയ്തിട്ടുണ്ടു്;

(ബി) ഏതെല്ലാം ഇനങ്ങളിലാണു്;

(സി) വൈപ്പിൻ ദ്വീപിൽ ഈ കാലഘട്ടത്തിൽ മത്സ്യത്തൊഴിലാളികൾക്കു് ഇതിൽ നിന്നും എത്ര തുക ചെലവു ചെയ്തിട്ടുണ്ടു്;

(ഡി) വഞ്ചിയും വലയും വാങ്ങുന്നതിനു് ഇവിടത്തെ മത്സ്യത്തൊഴിലാളികൾക്കു് ധനസഹായം ചെയ്യുന്നതിനു് ഭയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly